# <u>ആഡംഭര കാറിൽ സ്കൂൾ-കോളേജ് വിദ്യാർത്ഥികളുടെയിടയിൽ ലഹരിവസ്തുക്കൾ വില്പന നടത്തിയ പ്രതികൾ അറസ്റ്റിൽ.</u>

കാലടി പോലീസ് സ്റ്റേഷൻ പരിധിയിൽ കാലടി ശ്രീകാഞ്ചി ശങ്കരാ പബ്ലിക്ക് സ്കൂളിന് സമീപം ആഡംഭര കാറിൽ സഞ്ചരിച്ച് സ്കൂൾ-കോളേജ് വിദ്യാർത്ഥികളുടെയിടയിൽ ലഹരി വസ്തുക്കൾ  വില്പന നടത്തി വന്ന ചേലാമറ്റം വില്ലേജ് ഒക്കൽ കരയിൽ തെനാലിക്കുടി വീട്ടിൽ സുലൈമാൻ മകൻ 32 വയസ്സുള്ള ഷിഹാബ്, ടി വില്ലേജ് ടി കരയിൽ കുപ്പിയാൻ വീട്ടിൽ 36 വയസ്സുള്ള ഷെഫീക്ക് എന്നിവരാണ് അറസ്റ്റിലായത്.

പ്രതികൾ പിടിയിലാകുമ്പോൾ ടിയാന്മാരുടെ കാറിൽ നിന്നും 300 പാക്കറ്റ് ഹാൻസും വില്പന നടത്തിയ വകയിൽ കിട്ടിയ 95,220/- രൂപയും പിടിച്ചെടുത്തു. എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവിയുടെ നിർദ്ദേശപ്രകാരം ലഹരിമരുന്ന് വില്പനയും ഉപയോഗവും ഇല്ലായ്മ ചെയ്യുന്നതിനായി ജനമൈത്രി പോലീസും  ജനങ്ങളെയും പഞ്ചായത്ത് മെമ്പർമാരയും പങ്കെടുപ്പിച്ച് കൊണ്ട് രൂപീകൃതമായ ആൻറി നാർക്കോട്ടിക് ക്ലബ് നിരന്തരം നടത്തി വന്ന സൂക്ഷ്മ നിരീക്ഷണങ്ങളുടെ ഭാഗമായി കാലടി പ്രിൻസിപ്പൽ സബ് ഇൻസ്പെക്ടർ അനൂപ് എൻ എ, അസിസ്റ്റൻറ് സബ് ഇൻസ്പെക്ടർ സതീഷ് കുമാർ, സി.പി.ഒ സജിത്കുമാർ, സ്ക്വാഡ് അംഗങ്ങളായ സി.പി.ഒ ശിവപ്രസാദ്, ബിനു, മനോജ് എന്നിവരുടെ നേതൃത്ത്വത്തിൽ നടത്തിയ അന്വേഷണത്തിലാണ് പ്രതികൾ പിടിയിലായത്

നിരവധി സ്കൂൾ കോളേജ് വിദ്യാർത്ഥികൾ കടന്നു പോകുന്ന കാലടി പ്രൈവറ്റ് ബസ് സ്റ്റാൻഡിൽ ആഡംഭര കാറിൽ യാതൊരു സംശയത്തിനും ഇടനൽകാതെ രഹസ്യമായി ലഹരി വസ്തുക്കൾ വില്പന നടത്തി വരവെയാണ് പ്രതികളെ പിടി കൂടുന്നത്. ഫോണിൽ ബന്ധപ്പെട്ട് മൊത്ത വില്പന നടത്തുകയും ബസ് സ്റ്റാൻഡ്, സ്കൂൾ, കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് ചില്ലറ വില്പന നടത്തുകയുമാണ് പ്രതികളുടെ പ്രധാന വിപണ തന്ത്രം. പ്രതികൾക്ക് ലഹരി വസ്തുക്കൾ വില്പന നടത്തിയതിന് കേസുകൾ നിലവിലുള്ളതാണ്.

പ്രതികളെ കാലടി ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാക്കും. പ്രതികളെ പിടികൂടുമ്പോൾ വില്പന നടത്തിയ വകയിൽ ടിയാന്മാരുടെ കൈവശം ഒരു ലക്ഷത്തോളം രൂപയുമുണ്ടായിരുന്നു.